"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് മരണപ്പെട്ട ബിനോയ്.ഇ.ജോണിന് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3060/2022/LSGD തീയതി,തിരുവനന്തപുരം, 09-12-2022

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. സ.ഉ(പി)നം.112/17/ധന തീയതി 24.08.2017.
3. ബിനോയ്.ഇ.ജോണിന്റെ 11.10.2019 ലെ ശൂന്യവേതനാവധിയപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 26.08.2020, 12.11.2022 എന്നീ തീയതികളിലെ ഇ6-6741/2020നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് മരണപ്പെട്ട ബിനോയ്.ഇ.ജോണിന് 21.06.2018 മുതൽ 14.02.2019 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.ബിനോയ്.ഇ.ജോൺ, 26.11.2012 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാന്റെ ചികിത്സാർത്ഥം 21.06.2018 മുതൽ 14.02.2019 വരേക്ക് ശൂന്യവേതനാവധിയ്ക്കായി അപേക്ഷിക്കുകയുണ്ടായി. ടിയാൻ 21.06.2018 മുതൽ 04.06.2018, 03.09.2018 മുതൽ 19.10.2018, 18.11.2018 മുതൽ 14.02.2019 എന്നീ കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ടിയാൻ 06.09.2022 ൽ മരണപ്പെട്ടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് മരണപ്പെട്ട ബിനോയ്.ഇ.ജോണിന് പരാമർശം (2) ഉത്തരവ് പ്രകാരം 21.06.2018 മുതൽ 14.02.2019 വരെ മുൻകാല പ്രാബല്യത്തോടെ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ്, ആർജ്ജിതാവധിക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(179/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Danuja M S
Date: 09-12-2022 11:36:07
സെക്ഷൻ ഓഫീസർ